**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1496** | **07-02-2023 - ൽ മറുപടിയ്ക്ക്**

## കോവിഡ് മൂലം മരണപ്പെട്ട കുടുംബങ്ങൾക്ക് ധനസഹായം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി സി വിഷ്ണുനാഥ്,<br>ശ്രീ. ടി. ജെ. വിനോദ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ബി.പി.എൽ. കുടുംബത്തിൽപ്പെട്ട പ്രധാന വരുമാനക്കാർ കോവിഡ് മൂലം മരണപ്പെട്ടാൽ അത്തരം കുടുംബങ്ങൾക്ക് പ്രതിമാസം അയ്യായിരം രൂപ ധനസഹായം നൽകുമെന്ന ബജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ എത്ര കുടുംബങ്ങൾക്ക് എത്ര മാസത്തേക്ക് ധനസഹായം നൽകിയിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ; | (എ) | കോവിഡ് ബാധിച്ച് മരണപ്പെട്ടവരുടെ ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട ആശ്രിതർക്ക് പ്രതിമാസം 5000 രൂപ വീതം നൽകുന്ന പദ്ധതിക്ക് നിലവിൽ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും തുക അനുവദിച്ചു ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ മുഖാന്തിരം വിതരണം ചെയ്തു വരികയാണ് ചെയ്യുന്നത്. 2022 നവംബർ മാസം വരെ ധനസഹായം വിതരണം ചെയ്യുന്നതിനുള്ള തുക ജില്ലാ കളക്ടർമാർക്ക് അനുവദിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത ആനുകൂല്യത്തിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; എത്രപേർക്ക് ആനുകൂല്യം നൽകി; ഏത് കാലയളവ് വരെ നൽകി; എത്ര അപേക്ഷകൾ നിരസിച്ചു; അപേക്ഷകൾ നിരസിക്കാനുള്ള കാരണം എന്നിവ ജില്ല തിരിച്ച് വ്യക്തമാക്കുമോ? | (ബി) | ഓരോ അപേക്ഷയിലെയും മരണതീയതി വ്യത്യസ്തമായതിനാൽ കോവിഡ് ബാധിച്ചു മരണപ്പെട്ടവർക്ക് ആനുകല്യം അനുവദിച്ച കാലയളവ് ക്രോഡീകരിച്ചു സൂക്ഷിച്ചിട്ടില്ല. കൂടാതെ ബിപിഎൽ വിഭാഗത്തിൽ പെടാത്തവരുടെ അപേക്ഷകളും ധനസഹായത്തിന് അർഹരായവരെ തിരഞ്ഞെടുക്കുന്നത് സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്ക് അനുസൃതമല്ലാത്ത അപേക്ഷകളുമാണ് നിരസിച്ചിട്ടുള്ളത് ഇത്തരം വിവരങ്ങളും ക്രോഡീകരിച്ചു സൂക്ഷിച്ചിട്ടില്ല<br><br>ജില്ല തിരിച്ച മറ്റ് വിവരങ്ങൾ ചുവടെ ചേർക്കുന്നു. |

| ജില്ല | ലഭിച്ച അപേക്ഷകളുടെ എണ്ണം | വിതരണം ചെയ് ഗുണഭോക്താക്കളുടെ എണ്ണം | നിരസിച്ച അപേക്ഷകളുടെ എണ്ണം |
|---|---|---|---|
| തിരുവനന്തപുരം | 2711 | 777 | 709 |
| കൊല്ലം | 2373 | 159 | 555 |
| പത്തനംതിട്ട | 672 | 36 | 212 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | ആലപ്പുഴ | 2038 | 751 | 598 |
| | | | | കോട്ടയം | 1249 | 460 | 549 |
| | | | | ഇടുക്കി | 511 | 280 | 160 |
| | | | | എറണാകുളം | 1927 | 423 | 528 |
| | | | | തൃശ്ശൂർ | 2163 | 684 | 866 |
| | | | | പാലക്കാട് | 1775 | 684 | 709 |
| | | | | മലപ്പുറം | 1677 | 652 | 539 |
| | | | | കോഴിക്കോട് | 1897 | 978 | 552 |
| | | | | വയനാട് | 255 | 157 | 98 |
| | | | | കണ്ണൂർ | 1119 | 197 | 202 |
| | | | | കാസർഗോഡ് | 362 | 148 | 156 |

സെക്ഷൻ ഓഫീസർ